# പതിമൂന്നാം കേരള നിയമസഭ – ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :137 10/06/13-ൽ മറുപടിക്ക്

## മാവേലിക്കര മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ആർ. രാജേഷ് : | ശ്രീ.കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) : |
| (എ) ഫിഷറീസ് വകുപ്പ് മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഏറ്റെടുത്തിരിക്കുന്നതും, ഉൾപ്പെടുത്തിയിരിക്കുന്നതുമായ റോഡുകൾ, മാർക്കറ്റുകൾ എന്നിവയുടെ സ്ഥിതി വ്യക്തമാക്കുമോ; | (എ) മാവേലിക്കര മണ്ഡലത്തിൽ 2012-13 സാമ്പത്തിക വർഷത്തിൽ ഭവന നിർമ്മാണ പദ്ധതി പ്രകാരം 5 ഗുണഭോക്താക്കൾക്ക് വീട് അനുവദിച്ചിട്ടുണ്ട്. ടി മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് വഴി 4 റോഡുകളും 1 മാർക്കറ്റും അനുവദിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.<br>1) പുഷ്പാലയം മുക്ക് മുതൽ ജയഭവനം മുക്ക് വരെ -(നൂറനാട്)- സ്ഥലം ലഭ്യമല്ലാത്തതിൽ എസ്റ്റിമേറ്റ് തയ്യാറായിട്ടില്ല.<br>2) കൈപള്ളിക്കാവ് മുതൽ മേലോട്ടിൽമുക്ക് വരെ -(നൂറനാട്)- നിർമ്മാണ പ്രവൃത്തി ആരംഭിച്ചു.<br>3) പുലിമേൽ കല്ലരിക്കുന്ന് മുക്ക് മുതൽ കമ്പിളിമാല,വള്ളക്കടവ് വരെയുള്ള റോഡ് -(നൂറനാട്) -നിർമ്മാണ പ്രവൃത്തി ആരംഭിച്ചു.<br>4) തിരുഹൃദയകുന്ന് മുതൽ വിശ്വഭവനം വരെയുള്ള റോഡ് -(നൂറനാട്)- നടപടി സ്വീകരിച്ച് വരുന്നു.<br>5)നൂറനാട് പടനിലം പബ്ലിക്ക് ലൈബ്രറി മാർക്കറ്റ് പുനരുദ്ധാരണം - എസ്റ്റിമേറ്റ് തയ്യാറായി വരുന്നു.<br><br>മത്സ്യമാർക്കറ്റുകളുടെ ആധുനികവത്ക്കരണത്തിന്റെ ഭാഗമായി NFDB യുടെ സഹായത്തോടെ മാവേലിക്കര മണ്ഡലത്തിൽ പാലമേൽ എന്ന സ്ഥലത്ത് |

174.61 ലക്ഷം അടങ്കൽ തുകയുള്ള ഒരു ആധുനിക മത്സ്യമാർക്കറ്റ് നിർമ്മാണത്തിന്റെ പ്രരംഭ നടപടികൾ കേരള സ്റ്റേറ്റ് തീരദേശ വികസന കോർപ്പറേഷൻ മുഖേന നടന്നു വരുന്നു.

(ബി) നൂറനാട് മാർക്കറ്റ്, താമരക്കുളം മാർക്കറ്റ് എന്നിവ നവീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(ബി) പരിശോധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ